


# പേരിടുന്നെങ്കിൽ....

റഫീക്ക് അഹമ്മദ്

ഒരുവിധം ശകുനിയാകാവുന്നൊരെന്നെനീ
ഭീഷ്മരാക്കീ വെറും ഭീഷ്മരാക്കീ...
ചെറുകിട കംസനോ നാരദൻസോ പിന്നെ
മിതമായ് ഹിരണ്യകശിപു താനോ
അങ്ങനെ ഒട്ടേറെ ഓപ്ഷൻസിരിക്കിലും
ഭീഷ്മരാക്കീ, വെറും ഭീഷ്മരാക്കീ.
ഭീഷ്മരോ പാവം ഭയന്നു കസേരകൾ.
ചുമ്മാ കളഞ്ഞു കുളിച്ചു തൻ യൗവ്വനം.
ചൂതു കളിക്കാനറിഞ്ഞു കൂടാത്തവൻ,
ചാതുര്യമോടെ ചതിയറിയാത്തവൻ
ആവില്ലയാൾക്കരക്കില്ലം പണിയുവാൻ
ആവില്ല കള്ളക്കരുക്കൾ നിരക്കുവാൻ.
ഓരോ പ്രതിജ്ഞകൾ ചൊല്ലിത്തകർത്തിട്ട്
പിന്നെ ലംഘിക്കുവാനാവതില്ല,
സ്വന്തം കസേരയുറയ്ക്കുവാൻ സർവ്വതും
പിന്നോട്ടു തള്ളാൻ കരുത്തുപോരാ.
സത്യം പറയാൻ വഴങ്ങാത്തൊരെൻ നാവ്
പത്രങ്ങളേ നിങ്ങളെന്തിനായി
ദേവവ്രതന്റേതുമായി ബന്ധിക്കുന്നു
കഷ്ടമാണിത്തരം ജീർണലിസം.
പൊട്ടത്തരങ്ങൾ നിങ്ങൾക്കുപജീവനം
വെട്ടത്തുമാണി പൊറുത്തിടട്ടെ.
ഏതു പേരിട്ടു വിളിച്ചാലുമാവക
യോതുകില്ലെന്റെ യഥാർത്ഥ സ്വത്വം.
വേണങ്കിലാവാം ശകുനി, അപ്പാവമോ
എന്നോളം നല്ല നടനുമല്ല.
ഒരുവിധം ശകുനിയാകാവുന്നൊരെന്നെനീ
ഭീഷ്മരാക്കീ വെറും ഭീഷ്മരാക്കീ...

